ഉത്തരം

വിവരം ശേഖരിച്ചുവരുന്നു

സംസ്ഥാന പബ്ളിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നവിധം

27 [1498] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
" എം. എ. ചന്ദ്രശേഖരൻ :
" ലൂഡി ലൂയിസ് :
" പ്രൊഫസർ എ. ഡി. മുസ്തഫ :
" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്റർവ്യൂവിന് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് അയോഗ്യത കല്പിക്കുവാൻ പാടില്ലെന്ന് പഞ്ചാബ് സർക്കാർ വാദിയായിട്ടുള്ള കേസിൽ 2003 മാർച്ച് 16-ന് സുപ്രീംകോടതി വിധി കല്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിധിക്കനുസൃതമായാണോ സംസ്ഥാന പബ്ളിക് സർവ്വീസ് കമ്മീഷൻ സംസ്ഥാന സർവ്വീസിലേക്കുള്ള നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്;

(സി) അല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മുതൽ (സി) വരെ വിവരം ശേഖരിച്ചുവരുന്നു

പി.എസ്.സി. നിയമനത്തിനുള്ള വ്യവസ്ഥകൾ

28 [1499] ശ്രീ. സി. മമ്മൂട്ടി :
" വി. കെ. ഇബ്രാഹിംകുഞ്ഞ് :
" കെ. കുട്ടി അഹമ്മദ് കുട്ടി :
" ഇ. ടി. മുഹമ്മദ് ബഷീർ :
" വി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി.എസ്.സി. നിലവിൽ ഉദ്യോഗ നിയമനത്തിന് സംവരണതത്വം പാലിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന 20 യൂണിറ്റിനു പകരം 100 യൂണിറ്റ് സ്വീകരിക്കുമെന്ന് എന്തെങ്കിലും നിയമസഭാ കമ്മിറ്റി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒരു റാങ്ക് ലിസ്റ്റിൽനിന്നും അഡ്വൈസ് ചെയ്യാൻ പി. എസ്. സി. 20 ഒഴിവുകൾ ഒരു യൂണിറ്റായി കണക്കാക്കുന്ന നിലവിലുള്ള സമ്പ്രദായം നിർത്തലാക്കണമെന്നും ജനറൽ റൂൾ 17-ൽ വിവരിക്കുന്ന രീതിയിൽ 1 മുതൽ 100 വരെയുള്ള ടേണുകൾ ഒറ്റ യൂണിറ്റായി കണക്കാക്കേണ്ടതാണെന്നും നിയമസഭയുടെ പിന്നോക്ക സമുദായ ക്ഷേമ സമിതി (1993) യുടെ ഒന്നാമത് റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ഇനിയും ലഭിച്ചിട്ടില്ല.

വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ

29 [1500] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വകുപ്പിൽനിന്നും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവ ഏതെല്ലാം വകുപ്പുകളിൽ നിന്നാണെന്നും ഏതൊക്കെ തീയതികളിലാണ് റിപ്പോർട്ട് ചെയ്തതെന്നും പ്രത്യേകം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു:

ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ നടപടി

30 [1501] ശ്രീ. ഷിബു ബേബിജോൺ :
,, എ. എൻ. രാജൻ ബാബു :
,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാദ്ധ്യസ്ഥമായ വകുപ്പുമേധാവികളുടെ അഭാവത്തിൽ ആഫീസിലെ ഏതെങ്കിലും ഉയർന്ന ഉദ്യോഗസ്ഥനെ ഇതിലേക്ക് ചുമതലപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly